പതിമൂന്നാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :230 — 09.06.2014 ൽ മറുപടിക്ക്

## സ്റ്റുഡൻസ് പോലീസ് കേഡറ്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>,, എ.റ്റി. ജോർജ്<br>,, വർക്കല കഹാർ<br>,, വി.ഡി. സതീശൻ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സ്റ്റുഡൻസ് പോലീസ് കേഡറ്റ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;<br><br>(ബി) സ്റ്റുഡൻസ് പോലീസ് കേഡറ്റുകൾക്ക് കാര്യക്ഷമമായ പരിശീലനം ലഭ്യമാക്കാനും പ്രസ്തുത പദ്ധതി കൂടുതൽ സ്കൂളുകളിലേക്കും ഹയർസെക്കണ്ടറി, വോക്കേഷണൽ ഹയർസെക്കണ്ടറി എന്നീ മേഖലകളിലേക്കും വ്യാപിപ്പിക്കുവാനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ; | (എ) യും (ബി) യും<br>ഈ സർക്കാർ അധികാരമേറ്റ ശേഷം സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി സംസ്ഥാനത്തെ കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിച്ച് നിലവിൽ സംസ്ഥാനത്തെ 325 സ്കൂളുകളിൽ ഈ പദ്ധതി നടപ്പാക്കിവരുന്നു. 2014 -15 വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഈ പദ്ധതിയുടെ നടത്തിപ്പിനായി 600 ലക്ഷം (അറുനൂറ് ലക്ഷം) രൂപ അനുവദിച്ചിട്ടുണ്ട്. 03.06.2014 ലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് ഉന്നതതല സമിതിയുടെ യോഗത്തിൽ തീരുമാനിച്ചതു പ്രകാരം ചുവടെ ചേർത്തിരിക്കുന്നവ നടപ്പിലാക്കുവാൻ തത്വത്തിൽ തീരുമാനിച്ചു.<br><br>1. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഡയറക്ടറേറ്റ് രൂപീകരണം<br><br>2. ഒരു ബാഹ്യ പഠന ഏജൻസിയെ ക്കൊണ്ട് (റ്റാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് പോലെയുള്ള ഏജൻസികൾ) പദ്ധതിയുടെ പ്രയോജനം വിലയിരുത്തി നേട്ടങ്ങളെ സംബന്ധിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കൽ .<br><br>3. പൊതുവിദ്യാഭ്യാസ വകുപ്പുമായി യോജിച്ചുകൊണ്ട്<br>(1) എൻ.സി.സി, സ്കൗട്ട് ആന്റ് ഗൈഡ്സ്, എൻ.എസ്.എസ് തുടങ്ങിയ ഘടകങ്ങളുടെ |

പ്രവർത്തനങ്ങളും എസ്.പി.സി പ
ദ്ധതിയുടെ പ്രവർത്തനങ്ങളുമായി
ഒരു താരതമ്യ പഠനം.

(2) ചാല ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിൽ വിദ്യാഭ്യാസ വകുപ്പിന്റെ അനുവാദത്തോടെ എസ്.പി.സി ട്രയിനിംങ്ങ് അക്കാഡമിയും ഡയറക്ടറേറ്റും രൂപീകരണം.

(3) വിദ്യാഭ്യാസ വകുപ്പിലെ പ്രൊട്ടക്റ്റട് അധ്യാപകരെ എസ്.പി.സി സ്കൂളുകളിലേക്ക് കമ്മ്യൂണിറ്റി പോലീസ് ഓഫീസർ/അഡീ.കമ്മ്യൂണിറ്റി പോലീസ് ഓഫീസർ ആയി പുനർവിന്യാസം

(4) എസ്.പി.സി ആക്റ്റ് രൂപീകരിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ചു.

4. സർക്കാർ സ്കൂളുകൾ ഒഴികെയുള്ള സ്കൂളുകളിൽ പുതുതായി എസ്.പി.സി പദ്ധതി നടപ്പിലാക്കുന്നതിന് പ്രസ്തുത സ്കൂൾ മാനേജ്മെന്റുകൾ തന്നെ ഫണ്ട് കണ്ടെത്തുവാനുള്ള നിർദ്ദേശങ്ങൾ നൽകുവാൻ തീരുമാനിച്ചു.

5. പട്ടിക ജാതി പട്ടിക വർഗ്ഗ വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്തെ എല്ലാ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലും എസ്.പി.സി പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചു.

6. എസ്.പി.സി പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് ഉതകുന്നതും അനുയോജ്യരുമായ അദ്ധ്യാപകരെ എസ്.പി.സി സെക്രട്ടറിയേറ്റിലേക്ക് അറ്റാച്ച് ചെയ്യുന്നതിന് തീരുമാനിച്ചു.

7. കാസർകോട് ജില്ലയിലും, വടകര താലൂക്ക്, കൊയിലാണ്ടി താലൂക്ക്, വയനാട്ജില്ലയിലും, അട്ടപ്പാടി പ്രദേശത്തെ താലൂക്ക് സ്കൂളുകളിലും തുടങ്ങിയ സ്ഥലങ്ങളിൽ എസ്.പി.സിയുടെ കൂടുതൽ യൂണിറ്റുകൾ തുടങ്ങുവാൻ തീരുമാനിച്ചു.

ആക്ടിവിറ്റി കലണ്ടർ പ്രകാരം ഔട്ട്ഡോർ മാന്വൽ പ്രകാരമുള്ള പരിശീലനവും, വീഡിയോ, സിനിമ എന്നിവ ഉപയോഗിച്ചുള്ള ക്ലാസ്സുകളും നൽകിവരുന്നു. 2014-15 അദ്ധ്യയന വർഷത്തിൽ പ്രസ്തുത പദ്ധതി പുതിയ സ്കൂളുകളിൽ ആരംഭിക്കുന്നതിനായിട്ടുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പദ്ധതിയിൽ സഹകരിക്കുന്ന കുട്ടികൾക്ക് ഗ്രേസ്മാർക്ക് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിൽ ചേർന്ന് രണ്ട് വർഷത്തെ പരിശീലനം കാര്യക്ഷമമായി പൂർത്തിയാക്കുന്ന 75% ഹാജരുള്ള എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നിവയിൽ പഠിക്കുന്ന കേഡറ്റുകൾക്ക് വർഷാവസാന പരീക്ഷയ്ക്ക് 5% ഗ്രേസ് മാർക്ക് നല്കിവരുന്നു.

(ഡി) പദ്ധതിക്കായി പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

(ഡി) ഉണ്ട്. 10.12.2013 ൽ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന ഉന്നതതല യോഗത്തിൽ ഇക്കാര്യം തത്വത്തിൽ അംഗീകരിക്കുകയും വിശദമായ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ ഡോ. കെ.എം. എബ്രഹാം ഐ.എ.എസ്. (അഡീഷണൽ ചീഫ് സെക്രട്ടറി) ചെയർമാനായി ഒരു ഉന്നതാധികാര സമിതിയെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻഓഫീസർ